**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36** **30-01-2024 - ൽ മറുപടിയ്ക്ക്**

**അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ ഫെഡറൽ സംവിധാനത്തിന് എതിരാകുന്ന തരത്തിൽ സംസ്ഥാന വിഷയങ്ങളിൽ നിയമ നിർമ്മാണം നടത്തി അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾക്ക് കൂടുതൽ ഇളവുകൾ നൽകുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതൊക്കെ രീതിയിൽ ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇന്ത്യൻ ഭരണഘടനയിലെ 7 -ാം ഷെഡ്യൂളിലെ ലിസ്റ്റ് 2 എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. ഭരണഘടന പ്രകാരം സംസ്ഥാന ലിസ്റ്റിൽപെടുന്ന വിഷയങ്ങളിൽ കേന്ദ്രസർക്കാരിന് നിയമനിർമ്മാണം നടത്തുവാൻ കഴിയുകയില്ല. ഭരണഘടന വ്യവസ്ഥ ഇപ്രകാരമായിരിക്കെ കേന്ദ്ര സർക്കാർ 2002 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് പാസ്സാക്കിയിട്ടുള്ളത്. കേന്ദ്ര സർക്കാർ 2022 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് Multi State Co-operative Societies (Amendment) ബിൽ അംഗീകരിക്കുകയുണ്ടായി. നിയമ ഭേദഗതിയിലും സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. കേരളത്തിൽ നിലവിൽ കേരളം ആസ്ഥാമാക്കി 45 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും മറ്റ് സംസ്ഥാനങ്ങൾ ആസ്ഥാനമായിട്ടുള്ള സൊസൈറ്റികളുടെ നൂറുകണക്കിന് ശാഖകളും പ്രവർത്തിച്ചുവരുന്നു. ഇത്തരം സഹകരണ സംഘങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ കൂടുതൽ പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന് ഇത്തരം സംഘങ്ങളുടെ മേൽ യാതൊരു നിയന്ത്രണങ്ങളും ഇല്ല.<br><br>മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തിലെ വ്യവസ്ഥ പ്രകാരവും അതിന് നിലവിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പ്രകാരവും കൃത്യമായ ആഡിറ്റ് സംവിധാനമോ കൃത്യമായ പരിശോധയോ ഇല്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം, സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഭീഷണിയാണ്. പല മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിച്ച് നിക്ഷേപം തിരിച്ചുകൊടുക്കാനാവാത്തതും പ്രവർത്തനം അവസാനിപ്പിക്കുന്നതുമായ സാഹചര്യം നിലവിലുണ്ട്. കേന്ദ്ര നിയമ പ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ സംസ്ഥാന നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളിൽ നിന്നും സാധാരണക്കാരായ പൊതുജനങ്ങൾക്ക് തിരിച്ചറിയുന്നതിന് കഴിയുകയില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ നൽകാൻ |

| | | | |
|---|---|---|---|
| | | | സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയും ആയത് പൊതുവായി സഹകരണ മേഖലക്ക വെല്ലുവിളി ഉയർത്തുന്നതാണ്.<br><br>Multi State Co-operative Societies (Amendment) നിയമത്തിലെ 17-ാം വകുപ്പ് ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multistate co-operative societies എന്നതിൽ ഉപ വകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്യുന്ന മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥയുടെ ക്ലിപ്ത നിബന്ധന ആയി സംസ്ഥാന നിയമത്തിലെ Merger സംബന്ധിച്ച വ്യവസ്ഥ പ്രകാരവും ഇത്തരം കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിയിലൂടെ ഏത് സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്. മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന് കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നതിന് വഴിയൊരുക്കുന്നതാണ്.<br><br>ദേശീയതലത്തിൽ ചുവടെ പറയുന്ന 3 ദേശീയ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി<br>2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി<br>3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം<br><br>ഇപ്രകാരം രൂപീകരിച്ച സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സംഘങ്ങൾ മേൽപ്പറഞ്ഞ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. |
| (ബി) | സംസ്ഥാന സർക്കാരിന് യാതൊരു ഭരണ നിയന്ത്രണവും ഇല്ലാത്ത ഇത്തരം അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ വാണിജ്യ ബാങ്കുകളേക്കാൾ ഉയർന്ന പലിശ വാഗ്ദാനം ചെയ്ത് പൊതു ജനങ്ങളിൽ നിന്നും നിക്ഷേപം സമാഹരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നിക്ഷേപങ്ങൾക്ക് സർക്കാരുകളുടെ പരിരക്ഷ ലഭ്യമാണോ; വിശദമാക്കുമോ; | (ബി) | ഉയർന്ന പലിശ വാഗ്ദാനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് നിയന്ത്രിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് യാതൊരുവിധ അധികാരവും നിലവിലില്ല. നിക്ഷേപങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ യാതൊരു പരിരക്ഷയും നൽകുന്നതിന് 2002 ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലും റൂളിലും വ്യവസ്ഥയില്ല . |
| | | | |

(സി) രൂപീകരിച്ചതിന് ശേഷം വളരെ ചുരുങ്ങിയ കാലയളവിൽത്തന്നെ എഴുപത്തിയൊന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതായി സൂചിപ്പിക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രൂപീകരിച്ചതിന് ശേഷം വളരെ ചുരുങ്ങിയ കാലയളവിൽതന്നെ എഴുപത്തിയൊന്ന് അന്തർ സംസ്ഥാന സഹകരണ സംഘങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചതായി സൂചിപ്പിക്കുന്ന കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ റിപ്പോർട്ട് ഔദ്യോഗികമായി കേരള സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല. കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സംസ്ഥാനം | 2022 വരെ ലിക്വിഡേഷനിലായ സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | രാജസ്ഥാൻ | 15 |
| 2 | മഹാരാഷ്ട്ര | 13 |
| 3 | ഡൽഹി | 11 |
| 4 | ഒഡീഷ | 11 |
| 5 | ഉത്തർപ്രദേശ് | 9 |
| 6 | തമിഴ് നാട് | 3 |
| 7 | ആന്ധ്രാ പ്രദേശ് | 2 |
| 8 | ഗുജറാത്ത് | 2 |
| 9 | തെലുങ്കാന | 2 |
| 10 | പഞ്ചാബ് | 1 |
| 11 | ജാർഘണ്ഡ് | 1 |
| 12 | ചാണ്ഡീഗഡ്(കേന്ദ്ര ഭരണ പ്രദേശം) | 1 |
| | ആകെ | 71 |

സെക്ഷൻ ഓഫീസർ